പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3207 21.06.2013 - ൽ മറുപടിയ്ക്ക്

**കരുതൽ , സാന്ത്വനം , ആശ്വാസ പരിരക്ഷ പദ്ധതികൾ**

ചോദ്യം ഉത്തരം

ശ്രീ. ജോസഫ് വാഴക്കൻ
'' റ്റി.എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' എം.പി. വിൻസെന്റ്

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ 'കരുതൽ', 'സാന്ത്വനം', 'ആശ്വാസ പരിരക്ഷ' എന്നീ പദ്ധതികൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; വിശദമാക്കുമോ ; | (എ) | 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി. തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരേയും സെറിബ്രൽ പാൾസി, ബുദ്ധി മാന്ദ്യം, മാനസിക രോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരേയും പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം പദ്ധതി . എൻഡോസൾഫാൻ ദുരിതബാധിതരായ കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹ സാന്ത്വനം പദ്ധതി. വൃക്കതകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി..എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് സമാശ്വാസം. |

| | | | |
|---|---|---|---|
| (ബി) | സാമൂഹ്യ സുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെയും ജനങ്ങളെയും പങ്കാളികളാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സാമൂഹ്യ സുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെയും ജനങ്ങളെയും പങ്കാളികളാക്കാൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മിഷന്റെ ഇ-പേമെന്റ് ഗേറ്റ് വേയിലേക്ക് സംഭാവന നൽകാവുന്നതാണ്.<br>2. കാരുണ്യ നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ലഭിക്കുന്ന പലിശയും ടി പലിശയ്ക്ക് തത്തുല്യമായി സർക്കാർ അനുവദിക്കുന്ന ഇൻസെന്റീവും ചേർത്ത് വരുന്ന തുക ലഭിക്കേണ്ട ഗുണഭോക്താവിനെ നിക്ഷേപകനു തന്നെ തെരഞ്ഞെടുക്കാനുള്ള അവകാശം പദ്ധതിയിൽ ഉറപ്പാക്കിയിട്ടുണ്ട്.<br>3. വയോമിത്രം പദ്ധതി പ്രവർത്തനങ്ങളിൽ റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും സർവ്വോന്മുഖമായ ഉന്നമനത്തിനായിട്ടുള്ള ഔവ്വർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻസ് പദ്ധതിയിൽ സന്നദ്ധ സംഘടനകൾ, ജനങ്ങൾ, പൊതു പ്രവർത്തകർ, അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും പ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, ആരോഗ്യ മേഖലയിൽ നിന്നുള്ളവർ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരെയെല്ലാം ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ആയതിന് സംഭാവനകൾ നൽകുവാൻ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; | (സി) യും (ഡി) യും | സുരക്ഷാ മിഷന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പേയ്മെന്റ് ഗേറ്റ്‌വേയിലൂടെ ക്രെഡിറ്റ് / ഡെബിറ്റ് കാർഡ് ഉപയോഗിച്ച് ഓൺലൈൻ ഡൊണേഷൻ ചെയ്യാവുന്നതാണ്. ഇതിനു വേണ്ടി എസ്.ബി.ഐ യുടെ തിരുവനന്തപുരം സ്റ്റാച്യു ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 30809533211 ആരംഭിച്ചിട്ടുണ്ട്. കൂടാതെ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകാൻ താത്പര്യമുള്ളവർക്ക് പ്രസ്തുത അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ആയത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

R. Vijayesh

സെക്ഷൻ ഓഫീസർ